കക്കോട് കനാലിൽ നിന്നും ജലസേചന സൗകര്യം

31 [1811] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കക്കോട് മെയിൻ കനാലിൽ നിന്നും ഈ വേനൽക്കാലത്ത് പദ്ധതിയുടെ സൗകര്യം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുള്ള എല്ലാ പ്രദേശങ്ങളിലും വെള്ളം വിട്ടുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പ്രദേശത്ത് ജലസേചന സൗകര്യം ലഭ്യമാക്കിയെന്ന് വെളിപ്പെടുത്താമോ;

(ബി) പദ്ധതിമൂലം കൃഷിക്ക് ജലം ലഭ്യമാക്കുമെന്ന് കരുതിയിരുന്ന ഏതെങ്കിലും പ്രദേശങ്ങളിൽ കഴിഞ്ഞ 5 വർഷമായി വെള്ളം ലഭിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് എന്ന് വെളിപ്പെടുത്താമോ;

(സി) കൃഷിക്ക് പ്രസ്തുത പ്രദേശത്ത് വെള്ളം നൽകാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പ്രദേശത്ത് വെള്ളം എത്തിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല. ഭൂരിഭാഗം സ്ഥലങ്ങളിലും വെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. 90 ശതമാനത്തോളം പ്രദേശത്ത് ജലസേചന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. അത്തോളി സബ് ഡിസ്ട്രിബ്യൂട്ടറിയുടെയും, ചേവായൂർ സബ് ഡിസ്ട്രിബ്യൂട്ടറിയുടെയും, മൊകവൂർ സബ് ഡിസ്ട്രിബ്യൂട്ടറിയുടെയും അവസാന ഭാഗത്ത് ജലം എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ചേവായൂർ കനാലിന്റെ 'കട്ട് ആന്റ് കവർ' പണി പൂർത്തിയായിട്ടില്ല. മൊകവൂർ കനാലിന്റെ കുറെ ഭാഗങ്ങൾ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയി. അത്തോളി സബ് ഡിസ്ട്രിബ്യൂട്ടറി വളരെ ശോച്യാവസ്ഥയിലാണ്.

(ഡി) ഉണ്ട്. ഘട്ടംഘട്ടമായി ഈ ഭാഗങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly